പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 318

# 2010-ലെ കേരള തദ്ദേശഭരണ സ്ഥാപന വായ്പാ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2010-ലെ കേരള തദ്ദേശഭരണ സ്ഥാപന വായ്പാ (ഭേദഗതി) ബിൽ

376/2010.

# 2010-ലെ കേരള തദ്ദേശഭരണ സ്ഥാപന വായ്പാ (ഭേദഗതി) ബിൽ

1963-ലെ കേരള തദ്ദേശഭരണ സ്ഥാപന വായ്പാ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1963-ലെ കേരള തദ്ദേശഭരണ സ്ഥാപന വായ്പാ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തി ഒന്നാം സംവൽസരത്തിൽ ഇനി പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1\. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കേരള തദ്ദേശഭരണ സ്ഥാപന വായ്പാ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2010 ജനുവരി 30-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2\. 2-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ,—

(1) (ഐ) ഖണ്ഡത്തെ (കെ) ഖണ്ഡമായി പുനരക്കമിടേണ്ടതും അപ്രകാരം പുനരക്കമിട്ട (കെ) ഖണ്ഡത്തിനുമുമ്പ് ഇനി പറയുന്ന ഖണ്ഡങ്ങൾ കൂട്ടിച്ചേർക്കേണ്ടതുമാണ്, അതായത്:—

(എ) "സിദ്ധിക്കൽ കാലയളവ്" എന്നാൽ ഒരു സാമ്പത്തിക വർഷത്തിൽ ഏപ്രിൽ 1-ാം തീയതി ആരംഭിക്കുന്നതും തുടർന്നുവരുന്ന വർഷത്തെ മാർച്ച് 31-ാം തീയതി അവസാനിക്കുന്നതും ആയതും അല്ലെങ്കിൽ മാർച്ച് 31-ന് അവസാനിക്കുന്ന അതിന്റെ ഭാഗവും എന്നർത്ഥമാകുന്നു.

(ബി) "ബോർഡ്" എന്നാൽ 3 എ വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട ബോർഡ് ഓഫ് മാനേജ്മെന്റ് എന്ന് അർത്ഥമാകുന്നു ;

(സി) "വികസന ഫണ്ട്" എന്നാൽ 3 എ വകുപ്പിലെ (1)-ാം ഉപവകുപ്പു പ്രകാരം രൂപീകരിച്ച കേരള തദ്ദേശഭരണ വികസന ഫണ്ട് എന്ന് അർത്ഥമാകുന്നതും അതിൽ സർക്കാരിന്റെ മൊത്തം അംശദായവും നിക്ഷേപങ്ങളും വായ്പകളും മറ്റെല്ലാ സ്വത്തുക്കളും ഉൾപ്പെടുന്നതും ആകുന്നു.".

376/2010.

(2) (2)-ാം ഖണ്ഡത്തെ (ഡി) ഖണ്ഡമായി പുനരക്കമിടേണ്ടതും അപ്രകാരം പുനരക്കമിട്ട (ഡി) ഖണ്ഡത്തിനുശേഷവും (കെ) ഖണ്ഡത്തിനുമുമ്പായും ഇനിപറയുന്ന ഖണ്ഡങ്ങൾ കൂട്ടിച്ചേർക്കേണ്ടതുമാണ്, അതായത്:—

"(ഇ) "ഫണ്ട് മാനേജർ" എന്നാൽ 3 എ വകുപ്പിലെ (4)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കപ്പെട്ട പ്രകാരം രൂപീകരിക്കപ്പെടുന്ന ആസ്തി നടത്തിപ്പ് കമ്പനി എന്നർത്ഥമാകുന്നു ;

(എഫ്) "ഫണ്ട് കാലയളവ്" എന്നാൽ വികസന ഫണ്ട് രൂപീകരിച്ച തീയതി മുതൽ അതിന്റെ പിൻവലിക്കൽ തീയതി വരെയോ 3 എ വകുപ്പിലെ വ്യവസ്ഥ പ്രകാരം സംസ്ഥാന സഞ്ചിത നിധിയിലേക്ക് കൈമാറ്റം ചെയ്യുന്നതോ ആയ കാലയളവ് എന്നർത്ഥമാകുന്നു ;

(ജി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(എച്ച്) "അടിസ്ഥാന സൗകര്യ പദ്ധതികൾ" എന്നതിൽ ജലവിതരണം, ഖര മാലിന്യ നിർമ്മാർജ്ജനം, ശുചീകരണം, സ്റ്റോംവാട്ടർ ഡ്രെയിനുകൾ, റോഡുകൾ, ഗതാഗത സംവിധാനങ്ങൾ, പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്ന സ്ഥലങ്ങളും സേവനങ്ങളും, പ്രദേശ വികസനവും, പൊതുജനങ്ങൾക്ക് ഉപയോഗത്തിനുവേണ്ടിയുള്ള മറ്റ് പ്രതിഫല ത്തോടെയുള്ളതും പ്രതിഫലമില്ലാതെയുമുള്ളതുമായ അടിസ്ഥാന സൗകര്യ പദ്ധതികൾ എന്നിവ ഉൾപ്പെടുന്നു ;

(ഐ) "നിക്ഷേപം" എന്നാൽ വികസന ഫണ്ട് അടിസ്ഥാന സൗകര്യപദ്ധതികൾക്കു മാത്രമായി വായ്പ നൽകിയതോ നൽകുന്നതോ എന്നർത്ഥമാകുന്നതും അതിൽ സർക്കാർ പ്രോമിസറി നോട്ടുകളോ മറ്റ് സർക്കാർ ഈട് പത്രങ്ങളോ ഏതെങ്കിലും ബാങ്കിംഗ് കമ്പനിയിലോ മറ്റ് പൊതുമേഖലാ കമ്പനികളിലോ ഉള്ള സ്റ്റോക്കുകളോ ഓഹരികളോ അല്ലെങ്കിൽ സ്റ്റോക്കുകളോ, ഫണ്ടുകളോ, കടപ്പത്രമോ, കടപ്പത്രസ്റ്റോക്കോ, വാണിജ്യപരമായ കടലാസുകളോ, ധനപരമായ കടലാസുകളോ, ഹ്രസ്വകാലമോ ദീർഘ കാലമോ ആയ കോർപ്പറേറ്റ് നിക്ഷേപങ്ങൾ, സുരക്ഷിതമായ കടം, ഒറ്റി, ബോണ്ടുകൾ ഏതൊരു വിവരണത്തിലുമുള്ള ഉടമ്പടികളും കടപ്പത്രങ്ങളും ഏതുതന്നെ ആയാലും, അതുപോലുള്ള പ്രമാണങ്ങളിൽ വികസന ഫണ്ട് നിക്ഷേപിക്കുന്ന പണം ഉൾപ്പെടുന്നതുമാകുന്നു ;

(ജെ) "വായ്പ കൊടുക്കുന്ന ആൾ" എന്നാൽ വികസന ഫണ്ടിലേക്ക് വായ്പയായി പണം നൽകിയ ഏതൊരാളും എന്നർത്ഥമാകുന്നു";

(3) (കെ) ഖണ്ഡത്തിനുശേഷം ഇനി പറയുന്ന ഖണ്ഡങ്ങൾ കൂട്ടിച്ചേർക്കേണ്ടതാണ് ; അതായത്:—

"(എൽ) "മാനേജ്മെന്റ് കരാർ" എന്നാൽ ഫണ്ട് മാനേജരും ബോർഡും തമ്മിലുള്ള മാനേജ്മെന്റ് കരാർ എന്നർത്ഥമാകുന്നു ;

(എം) "അറ്റാദായം" എന്നാൽ ഏതെങ്കിലും സിദ്ധിക്കൽ കാലയളവുമായി ബന്ധപ്പെട്ട്, ആ സിദ്ധിക്കൽ കാലയളവിലെ ആഡിറ്റ് ചെയ്ത കണക്കുകളുടെ സ്റ്റേറ്റ്മെന്റിൽ വികസനഫണ്ട് ആർജ്ജിച്ചതായി കാണിച്ച പ്രകാരമുള്ള അറ്റാദായവും, എല്ലാ വ്യയങ്ങളുടെയും നികുതികളുടെയും ചെലവുകളുടെയും ആകെ തുകയും, ഫണ്ട് മാനേജരുടെ പ്രതിഫലവും, വികസന ഫണ്ടിന്റെ കടം വാങ്ങലിൽ കൊടുത്തതും കൊടുക്കേണ്ടതുമായ പലിശയും എന്നർത്ഥമാകുന്നു ;".

(4) (3)-ാം ഖണ്ഡം (എൻ) ഖണ്ഡമായി പുനരക്കമിടേണ്ടതും, അപ്രകാരം പുനരക്കമിട്ട (എൻ) ഖണ്ഡത്തിനുശേഷം ഇനി പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതുമാണ്, അതായത്:—

"(ഒ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു ;".

(5) (4)-ാം ഖണ്ഡം (പി) ഖണ്ഡമായി പുനരക്കമിടേണ്ടതാണ്.

3. "3 എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിൽ, 3-ാം വകുപ്പിനുശേഷം, ഇനി പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

3 എ വികസനഫണ്ട്, സാമ്പത്തിക മാനേജ്മെന്റും സർവ്വീസുകളും, എന്നിവയുടെ സർക്കാരിനാലുള്ള രൂപീകരണം.—(1) 3-ാം വകുപ്പിൽ മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി വിജ്ഞാപനം ചെയ്തേക്കാവുന്ന അങ്ങനെയുള്ള തീയതി മുതൽക്കുള്ള പ്രാബല്യത്തോടുകൂടി ഇനി പ്രതിപാദിക്കുന്ന ലക്ഷ്യങ്ങൾക്കായി കേരള തദ്ദേശഭരണ വികസന ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കാവുന്നതാണ്, അതായത് :—

(എ) സംസ്ഥാനത്ത് ചെലവുകുറഞ്ഞതും മെച്ചപ്പെട്ടതുമായ നഗരപരമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും പദവി ഉയർത്തുന്നതിനും നിലനിർത്തുന്നതിനും സാധ്യമാക്കുന്ന പ്രായോഗികവും സുസ്ഥിരവുമായ ധനകാര്യ സംവിധാനങ്ങൾ ഉണ്ടാക്കുക ;

(ബി) അടിസ്ഥാന സൗകര്യ പദ്ധതിക്കായി ബോണ്ടുകൾ, കടപ്പത്രങ്ങൾ, ഇക്യുറ്റി, കൂട്ടായ ധനാഗമയത്നം മുതലായ അങ്ങനെയുള്ള വിവിധ ധനകാര്യ പ്രമാണങ്ങളും ധനകാര്യ ഘടനകളും ഉപയോഗിച്ച് വിഭവങ്ങൾ സമാഹരിക്കുക ;

(സി) കാലാകാലങ്ങളിൽ ബോർഡിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള വ്യവസ്ഥകളിന്മേലും, നിബന്ധനകളിലും ഈടിന്മേലും കടം എടുക്കുക അല്ലെങ്കിൽ പണം അല്ലെങ്കിൽ വായ്പ സമാഹരിക്കുക അല്ലെങ്കിൽ ഗ്രാന്റുകൾ സ്വീകരിക്കുക അല്ലെങ്കിൽ വിഹിതങ്ങൾ സ്വീകരിക്കുക എന്നിവ ചെയ്യുക ;

(ഡി) ദീർഘകാലം നിലനിൽക്കുന്ന സാമൂഹ്യനേട്ടങ്ങൾ സൃഷ്ടിക്കുകയും അവരുടെ പ്രദേശത്തെ നിവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്ന അടിസ്ഥാനസൗകര്യപദ്ധതികൾ ഏറ്റെടുക്കുന്നതിനും നടപ്പിലാക്കുന്നതിനും തദ്ദേശാധികാരികൾക്ക് വായ്പകളുടെയോ ഗ്രാന്റുകളുടെയോ അല്ലെങ്കിൽ അതിന്റെ ഒരു വിഹിതത്തിന്റെയോ രൂപത്തിൽ ധനസഹായം നൽകുകയും അടിസ്ഥാന സൗകര്യപദ്ധതികൾ

യുക്തിപരമായി പ്രധാനപ്പെട്ടതാണെന്ന് കരുതുമ്പോൾ സർക്കാരിതര ഏജൻസിയുമായി ചേർന്ന് തദ്ദേശാധികാരികൾ സ്പോൺസർ ചെയ്യുന്ന അടിസ്ഥാന സൗകര്യ പദ്ധതികളിൽ, വായ്പകൾ അല്ലെങ്കിൽ ഇക്വിറ്റികൾ നൽകുകയും ചെയ്യുക ;

എന്നാൽ നിക്ഷേപം, പരിസ്ഥിതിയേയും സാമൂഹ്യ സുരക്ഷയേയും നിയന്ത്രിക്കുന്ന എല്ലാ നിയമങ്ങളും അനുസരിച്ചായിരിക്കേണ്ടതാണ്.

(ഇ) തദ്ദേശ സ്ഥാപന അധികാരികളുടെ നിലവാരത്തിന്റെയോ സംഘടനാപരവും സാമ്പത്തികവും സാങ്കേതികവുമായ കഴിവുകളുടെയോ തുടർച്ചയായ ഉയർത്തൽ ഉറപ്പാക്കുന്നതിനും സമൂഹത്തിലെ പാവപ്പെട്ടവരുടെയും അവശവിഭാഗങ്ങളുടെയും ഉന്നമനത്തിനുവേണ്ടി പ്രായോഗികവും സാരമായതുമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പാടാക്കുന്നതിനും ഗ്രാന്റുഫണ്ടുകൾ സ്ഥാപിക്കുകയും അതിന്റെ സ്വന്തമായ സ്രോതസ്സിൽ നിന്നും ഗ്രാന്റുകൾ വ്യവസ്ഥ ചെയ്യുകയും കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന രീതിയിൽ ഗ്രാന്റുഫണ്ടുകളുടെ വ്യവസ്ഥയനുസരിച്ച്, ഗ്രാന്റുഫണ്ടുകൾ കൈകാര്യം ചെയ്യുക ;

(എഫ്) സ്വന്തം നിലയ്ക്ക് അല്ലെങ്കിൽ പൂൾഡ് ഫൈനാൻസിംഗോ ഗ്യാരന്റിയോ സെക്യൂരിറ്റൈസേഷനോ പോലെയുള്ള സംവിധാനങ്ങൾ മുഖേനയോ അടിസ്ഥാന സൗകര്യ പദ്ധതികൾ സംസ്ഥാനത്ത് ഏർപ്പെടുത്തുന്നതിനായി മൂലധന വിപണികളേയും ധനകാര്യ സ്ഥാപനങ്ങളേയും സ്വകാര്യനിക്ഷേപകരേയും സമീപിക്കുന്നതിന് തദ്ദേശാധികാര സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനും ;

(ജി) ഏതെങ്കിലും കരാറിന്റെയോ ഉടമ്പടിയുടെയോ പൂർത്തീകരണവും തദ്ദേശാധികാര സ്ഥാനങ്ങൾ ഏതെങ്കിലും കടപ്പത്രം പുറപ്പെടുവിച്ചതിനോ വിഭവസമാഹരണത്തിനോ പണം കൊടുക്കുന്നു എന്നും ഉറപ്പ് വരുത്തുന്നതിനും ;

(എച്ച്) സംയുക്ത സംരംഭങ്ങളും മറ്റ് നൂതന പങ്കാളിത്തങ്ങളും മുഖേന നഗരപാലനം സംബന്ധിച്ച അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടി സർക്കാരിതര മേഖലയുടെ പങ്കാളിത്തം ആർജ്ജിക്കുന്നതിന് തദ്ദേശാധികാര സ്ഥാനങ്ങളെ സഹായിക്കുന്നതിനും ;

(ഐ) ഏതെങ്കിലും കമ്പനിയും, അത് ഒരു ഏകാംഗീകൃത നികായമോ അത് ഏത് സ്വഭാവത്തിലുള്ള സംരംഭമോ ആയാലും, ഏതെങ്കിലും വ്യവസായമോ സർക്കാരോ, ട്രസ്റ്റോ ഏതെങ്കിലും തദ്ദേശാധികാര സ്ഥാനമോ പുറപ്പെടുവിക്കുകയോ ഗ്യാരന്റി ചെയ്യുകയോ ചെയ്തിട്ടുള്ള ഏതു തരത്തിലുമുള്ള ഷെയറുകൾ, സ്റ്റോക്കുകൾ, കടപ്പത്രങ്ങൾ, സർക്കാർ കടപ്പത്രങ്ങൾ, കരാർ പത്രങ്ങൾ, ഈടുകൾ, ഉടമ്പടികൾ, സെക്യൂരിറ്റികൾ എന്നിവയ്ക്ക് വരിക്കാരനാവുന്നതിനും വിറ്റുപോകാത്ത ഓഹരികളുടെ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിനും വാങ്ങുന്നതിനും കൈവശം വയ്ക്കുന്നതിനും വിൽക്കുന്നതിനും ;

(ജെ) വികസന ഫണ്ടിന്റെ ഏതെങ്കിലും തുക, ഏതെങ്കിലും ധനനിക്ഷേപങ്ങളിൽ, അങ്ങനെയുള്ള നിക്ഷേപങ്ങളിൽ നിന്നുള്ള ആദായം വികസന ഫണ്ടിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടിയായിരിക്കണം ഉപയോഗിക്കുന്നത് എന്നതിന് വിധേയമായി, നിക്ഷേപിക്കുന്നതിനും ;

(കെ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ പദ്ധതികൾക്കായി, കേന്ദ്ര സംസ്ഥാന സർക്കാരുകളുടേയോ സർക്കാരുകൾക്ക് വേണ്ടിയോ നോഡൽ അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഏജൻസികളായി പ്രവർത്തിക്കുന്നതിനും ;

(എൽ) ഈ ലക്ഷ്യങ്ങളെല്ലാം കൈവരിക്കുന്നതിന് ആവശ്യമായതും ഉപകരിക്കുന്നതുമായ മറ്റ് എല്ലാ കാര്യങ്ങളും ചെയ്യുന്നതിനും.

(2) (എ) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റ് പ്രകാരം സ്ഥാപിക്കപ്പെട്ട വികസന ഫണ്ടിന്റെ നടത്തിപ്പിനായി ഇനി പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു ബോർഡ് ഓഫ് മാനേജ്മെന്റിനെ നിയമിക്കാവുന്നതാണ്, അതായത്:—

(i) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതല ഉള്ള മന്ത്രി-എക്സ്-ഒഫിഷ്യോ ;

(ii) സർക്കാർ ധനകാര്യ വകുപ്പ് സെക്രട്ടറി-എക്സ്-ഒഫിഷ്യോ ;

(iii) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി-എക്സ്-ഒഫിഷ്യോ ;

(iv) തദ്ദേശ സ്വയംഭരണ (നഗരകാര്യ) വകുപ്പ് സെക്രട്ടറി-എക്സ്-ഒഫിഷ്യോ ;

(v) സർക്കാർ ആസൂത്രണ വകുപ്പ് സെക്രട്ടറി-എക്സ്-ഒഫിഷ്യോ ;

(vi) നഗരകാര്യ വകുപ്പ് ഡയറക്ടർ-എക്സ്-ഒഫിഷ്യോ ;

(vii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു മുനിസിപ്പൽ കോർപ്പറേഷന്റെ ഒരു മേയറും ഒരു മുനിസിപ്പാലിറ്റിയുടെ ഒരു ചെയർമാനും പട്ടണമാക്കി മാറ്റിയ ഒരു പഞ്ചായത്തിന്റെ ഒരു പ്രസിഡന്റ് വീതം ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതല ഉള്ള മന്ത്രി ബോർഡിന്റെ ചെയർമാനും സർക്കാർ തദ്ദേശസ്വയംഭരണ (നഗരകാര്യ) വകുപ്പ് സെക്രട്ടറി അതിന്റെ കൺവീനറും ആയിരിക്കുന്നതാണ്.

(സി) വികസന ഫണ്ട്, ആയത് സംബന്ധിച്ച് ഇതിൽ അടങ്ങിയിരിക്കുന്ന അധികാരങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, ബോർഡിന്റെ കൈവശത്തിലായിരിക്കുന്നതും, വികസന ഫണ്ട് നിലവിലിരിക്കുന്ന കാലയളവിൽ ഏതു സമയത്തും മറ്റു ഏതെങ്കിലും ആളിൽ നിന്നോ, ആളുകളിൽ നിന്നോ മറ്റു ഏതെങ്കിലും ഫണ്ടിൽ നിന്നോ മറ്റു വിധത്തിലോ, ഏതെങ്കിലും സ്വത്ത്, അത് ഭാരിച്ച സ്വഭാവത്തോടു കൂടിയതായാലും അല്ലെങ്കിലും വികസന ഫണ്ടിലേക്കുള്ള ഒരു കൂട്ടിച്ചേർക്കൽപോലെ ബോർഡിനാലോ ബോർഡിന് വേണ്ടിയോ കൈവശം വയ്ക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി സ്വീകരിക്കുന്നതിന് ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(3) ബോർഡ് ഇനി പറയുന്ന ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(എ) അടിസ്ഥാന സൗകര്യ പദ്ധതികളുമായി ബന്ധപ്പെട്ട് സാമ്പത്തിക സഹായം നൽകുകയും കൂടാതെ കടമെടുക്കുന്നതിനുള്ള അനുമതിയും ധനനിക്ഷേപങ്ങളുമായി ബന്ധപ്പെട്ട നയങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുക, എന്നാൽ ധന

നിക്ഷേപങ്ങൾ നടത്തുന്നതിന് യാതൊരു അടിസ്ഥാന സൗകര്യ പദ്ധതിയും തിരിച്ച റിഞ്ഞിട്ടില്ലെങ്കിൽ ബോർഡിന്, തദ്ദേശാധികാര സ്ഥാനങ്ങളുടെ താൽപ്പര്യത്തിൽ ഉചിത മെന്ന് അത് കരുതുന്ന അങ്ങനെയുള്ള രീതിയിൽ, വികസന ഫണ്ട് നിക്ഷേപിക്കാ വുന്നതാണ് ;

(ബി) വികസന ഫണ്ടിന്റെ നടത്തിപ്പിനും ആക്റ്റിൽ പ്രതിപാദിച്ചിരിക്കുന്ന ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനും ഫണ്ട് മാനേജരെ പ്രാപ്തമാക്കുന്നതിനുവേണ്ടി, ബോർഡിന്, ഉചിതമെന്ന് അത് കരുതുന്ന അങ്ങനെയുള്ള അതിന്റെ അധികാരങ്ങൾ ഫണ്ട് മാനേജർക്ക് ഏൽപ്പിച്ചുകൊടുക്കുന്നതിനുമുള്ള ഒരു മാനേജ്മെന്റ് കരാറിൽ ഏർപ്പെടുക ;

(സി) വികസന ഫണ്ടുമായി ബന്ധപ്പെട്ട് ഫണ്ട് മാനേജരുടെ പ്രവർത്തനങ്ങ ളുടെ മേൽനോട്ടം നടത്തുക ;

(ഡി) വികസന ഫണ്ടിന്റെ താൽപര്യങ്ങൾ, സംരക്ഷിക്കുന്നതിനായി എല്ലാ സമയത്തും അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കുക ;

(ഇ) ഫണ്ടിന് വേണ്ടി ബാങ്ക് അക്കൗണ്ടുകൾ തുറക്കുന്നതിനും നട ത്തുന്നതിനും ഫണ്ട് മാനേജരെ പ്രാപ്തമാക്കുന്നതിനായി സർക്കാരിന് വേണ്ടി വികസന ഫണ്ട് കൈവശം വയ്ക്കുക ;

(എഫ്) വികസന ഫണ്ടിലേക്ക് സർക്കാരും തദ്ദേശാധികാര സ്ഥാനങ്ങളും നൽകിയ അധിക വിഹിതം, ഏതെങ്കിലും ഉണ്ടെങ്കിൽ, സ്വീകരിക്കുക ;

(ജി) വികസന ഫണ്ട് നിലവിലിരിക്കുന്ന കാലയളവിൽ, ഇതിനാലോ നിയമംമൂലമോ അതിന് നൽകപ്പെട്ട ഏതെങ്കിലും അധികാരങ്ങളുടെ തുടർന്നുള്ള വിനിയോഗം, അങ്ങനെയുള്ള ഏതെങ്കിലും അധികാരങ്ങളുടെ വിശ്വാസാധിഷ്ഠിത സ്വഭാവം എന്തുതന്നെ ആയിരുന്നാലും, ഏതു സമയത്തും, പിൻവലിക്കാവുന്നതോ അല്ലാത്തതോ ആയ ഒരു പ്രമേയത്തിലൂടെ, ഏതു പരിധിവരെയും പരിമിതപ്പെടുത്തു കയോ വിടുതൽ ചെയ്യുകയോ ചെയ്യുന്നതിനുള്ള അധികാരം വിനിയോഗിക്കുക ;

(എച്ച്) നിർണ്ണയിക്കപ്പെട്ടേക്കാവുന്ന അങ്ങനെയുള്ള അധികാരവും വിവേചനാധികാരവും അവകാശങ്ങളും ബാദ്ധ്യതയില്ലായ്മകളും വിനിയോഗിക്കുക ;

(4) ഫണ്ട് മാനേജർ, ഇനി പറയുന്ന ആളുകളെ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തിക്കൊണ്ട്, 1956-ലെ കമ്പനി ആക്റ്റ് പ്രകാരം സർക്കാർ രൂപീകരിക്കുന്ന ഒരു ആസ്തി നടത്തിപ്പ് കമ്പനി ആയിരിക്കേണ്ടതാണ്, അതായത്:—

(എ) സർക്കാരിന്റേയും, ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, മാനേജ്മെന്റ് സ്ഥാപനങ്ങൾ എന്നിവപോലുള്ള പ്രശസ്ത സർക്കാരിതരസ്ഥാപനങ്ങളുടേയും നോമിനി കൾ, എന്നാൽ ഫണ്ട് മാനേജരുടെ കമ്പനി ഓഹരികളുടെ മൂല്യത്തിൽ 51 ശതമാന ത്തിൽ കുറയാതെ ഓഹരികൾ സർക്കാരിനായിരിക്കുകയും മറ്റു പങ്കാളികളെ സംബന്ധി ച്ചുള്ള ഓഹരികളെല്ലാം ചേർന്ന് ഫണ്ട് മാനേജരിൽ ന്യൂനപക്ഷ കൈവശ ഓഹരികളായി രൂപപ്പെടുത്തുന്നതുമാണ് ;

(ബി) ഫണ്ട് മാനേജരുടെ ഓഹരി മൂല്യത്തിൽ സർക്കാരിന്റെയും മറ്റു പങ്കാളികളുടെയും നോമിനികളുടെ എണ്ണം അവയുടെ കൈവശ ഓഹരിക്ക് ആനുപാതികമായിരിക്കേണ്ടതാണ് ;

(സി) തദ്ദേശ സ്വയംഭരണ (നഗരകാര്യ) വകുപ്പ് എക്സ്-ഒഫിഷ്യോ സർക്കാർ സെക്രട്ടറിയും, അദ്ദേഹം കമ്പനിയുടെ ചെയർമാനായി സ്ഥാനനിർദ്ദേശം ചെയ്യപ്പെടേണ്ടതും, സർക്കാർ ധനകാര്യ വകുപ്പ് സെക്രട്ടറിയും സർക്കാർ ആസൂത്രണ വകുപ്പ് സെക്രട്ടറിയും സർക്കാർ നോമിനികളും ആയിരിക്കേണ്ടതുമാണ്.

(5) ബോർഡിന്റെ കൈവശമുള്ള വികസന ഫണ്ടിന്റെ അറ്റവരുമാനം വികസന ഫണ്ടിന്റെ പ്രയോജനത്തിനുവേണ്ടി മാത്രം ലഭിക്കുന്നതും പ്രസ്തുത ഫണ്ടിന്റെ മുഴുവൻ വരുമാനവും നിക്ഷേപത്തിനായി സർക്കാരിന് ലഭിക്കുന്നതുമാണ്.

(6) ബോർഡിലെ ഒരു അംഗം, സർക്കാരിലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലോ, അതതുസംഗതിപോലെ, ഒരു ഔദ്യോഗിക സ്ഥാനം വഹിക്കുന്നതിനുവരെയോ വികസന ഫണ്ടിന്റെ സമാപ്തിവരെയോ അംഗം ഡിസ്ചാർജ് ചെയ്യപ്പെടുന്നതുവരെയോ, ഏതാണോ ആദ്യം വരുന്നത് അതുവരെ, ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

(7) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ഏതുസമയത്തും ബോർഡ് പുനഃസംഘടിപ്പിക്കാവുന്നതാണ്.

(8) ബോർഡിന് വരുമാനത്തിൽനിന്നോ മൂലധനത്തിൽനിന്നോ വികസന ഫണ്ടിന്റെ ചെലവുകൾ, നികുതികൾ, മറ്റു ബാദ്ധ്യതകൾ ഇവയ്ക്കുവേണ്ടി ബോർഡ് ഉചിതമെന്ന് കരുതുന്ന അത്രയും കരുതൽ ധനം സൂക്ഷിക്കുന്നതിനും, നിക്ഷേപങ്ങൾ നടത്തുന്നതിനും മാറ്റുന്നതിനും ബ്രോക്കർ കമ്മീഷനുകളും ചാർജ്ജുകളും ഉൾപ്പെടെ വിൽപ്പനയ്ക്കും വിനിമയത്തിനുമുള്ള ഏതൊരു ചെലവും വരുമാനത്തിൽനിന്നോ മൂലധനത്തിൽ നിന്നോ കൊടുക്കുന്നതിനും വരുമാനത്തിനും മൂലധനത്തിനുമായി വീതിക്കുന്നതിനും, പൊതുവായി വികസന ഫണ്ടിന്റെ ചെലവിന്റെ എത്ര ഭാഗം മൂലധനത്തിലേക്കും എത്ര ഭാഗം വരുമാനത്തിലേക്കും ചുമത്തണമെന്ന് നിർണ്ണയിക്കുന്നതിനും, വെവ്വേറെ നിധികൾക്കും വെവ്വേറെ ഭാഗങ്ങൾക്കോ അംശങ്ങൾക്കോ തമ്മിൽ വരുമാനം, നേട്ടം, ലാഭം, നഷ്ടം ഇവയുടെ വിഭജനവും വിതരണവും നിർണ്ണയിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതും ബോർഡിന്റെ രേഖാമൂലമായതോ അതിന്റെ പ്രവർത്തികളിൽ നിന്നും വ്യംഗ്യമായതോ ആയ ഏതൊരു തീരുമാനവും നിയമം അനുവദിക്കുന്നിടത്തോളം നിർണ്ണായകമായിരിക്കുന്നതും സർക്കാരിന് ബാധകമായിരിക്കുന്നതുമാണ്.

(9) സർക്കാരിന് യോജിപ്പില്ലാത്ത പക്ഷം, ബോർഡ്, ഫണ്ട് മാനേജരെ നീക്കം ചെയ്യുകയോ, ലഘുഭേദഗതികളൊഴികെ മാനേജുമെന്റു കരാറിന് സാരമായ യാതൊരു ഭേദഗതികളും വരുത്തുവാനോ പാടില്ലാത്തതും; അല്ലെങ്കിൽ മാനേജുമെന്റു കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഫണ്ട് മാനേജരുടെ പിൻവാങ്ങലോ രാജിവയ്ക്കലോ അംഗീകരിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതല്ലാത്തതുമാണ്.

(10) ബോർഡിന്, അപ്പോഴപ്പോൾ, അതിന്റെ ഏതെങ്കിലും അധികാരങ്ങളും കർത്തവ്യങ്ങളും ഏതെങ്കിലും കമ്മിറ്റിക്കോ മറ്റേതെങ്കിലും ആളിനോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്, എന്നാൽ ബോർഡ്, അപ്രകാരം ഏൽപ്പിച്ചുകൊടുക്കപ്പെട്ടിട്ടുള്ള

ഏതെങ്കിലും ആളുടെ കൃത്യത്തിനോ കൃത്യ വിലോപത്തിനോ, ബോർഡ് അത്തരം കൃത്യങ്ങൾക്ക് സ്വയം ബാദ്ധ്യസ്ഥപ്പെടുമായിരുന്ന വ്യാപ്തിയോളം, ബാദ്ധ്യസ്ഥമാകുന്നതും ആവശ്യമാണെന്ന് കണ്ടെത്തുന്ന പക്ഷം ബോർഡിന്, അപ്പോഴപ്പോൾ, അതിനുവേണ്ടി പ്രവർത്തിക്കുന്നതിനും രേഖകളിൽ ഒപ്പുവയ്ക്കുന്നതിനും ഏതൊരു അംഗത്തേയും അധികാരപ്പെടുത്താവുന്നതുമാണ്.

(11) ബോർഡിന് അതിന്റെ കർത്തവ്യനിർവ്വഹണത്തിൽ, ബോർഡിന്റെ ഉപദേശകരായി പ്രവർത്തിക്കുന്ന ഏതെങ്കിലും ബാങ്കർ, അക്കൗണ്ടന്റ്, ബ്രോക്കർ, നിയമജ്ഞൻ അല്ലെങ്കിൽ കൺസൾട്ടന്റുകൾ, തൊഴിൽപരമായി പ്രാവീണ്യമുള്ളവർ അല്ലെങ്കിൽ വിദഗ്ദ്ധരിൽ നിന്നോ ലഭിക്കുന്ന ഏതെങ്കിലും ഉപദേശത്തിന്മേൽ പ്രവർത്തിക്കാവുന്നതാണ്. അങ്ങനെയുള്ള ഉപദേഷ്ടാക്കളുടെ നടപടിക്ക് മേൽനോട്ടം വഹിക്കുന്നതിനോ അവരിൽ നിന്നും ലഭിക്കുന്ന ഉപദേശമോ വിവരമോ പരിശോധിക്കുന്നതിനോ ബോർഡ് ബാദ്ധ്യസ്ഥമല്ലാത്തതും, ബോർഡ്, അപ്രകാരമുള്ള ഉപദേശമോ വിവരമോ വിശ്വാസത്തിലെടുത്ത് ഉത്തമവിശ്വാസപൂർവ്വം എന്തെങ്കിലും ചെയ്തതിനോ ചെയ്യുവാൻ വിട്ടുപോയതിനോ ഹാനി സംഭവിച്ചതിനോ ബാദ്ധ്യസ്ഥമല്ലാത്തതും അപ്രകാരം പ്രവർത്തിച്ചതുമൂലം ഉണ്ടായിട്ടുള്ള ഏതെങ്കിലും നഷ്ടത്തിനോ അങ്ങനെയുള്ള ഉപദേഷ്ടാക്കളുടെ ഭാഗത്തുനിന്നുണ്ടായ ഉത്തമവിശ്വാസപൂർവ്വമായ ഏതെങ്കിലും പിശക്, നോട്ടപ്പിഴ അല്ലെങ്കിൽ വിവേചനപ്പിഴമൂലമോ ഉണ്ടാകുന്ന ഭവിഷ്യത്തുകൾക്കോ ബോർഡ് ഉത്തരവാദിയല്ലാത്തതുമാണ്.

(12) ബോർഡിന് ഇതിനുശേഷം കാണുന്ന ചെലവുകൾ ഫണ്ടിൽ ചാർജ്ജ് ചെയ്യാവുന്നതാണ്, അതായത്:—

(എ) വികസനഫണ്ടിന്റെ പ്രവർത്തനത്തിനും വികസനഫണ്ടിൽ അടങ്ങിയിരിക്കുന്ന നിക്ഷേപങ്ങളുടെയും ആസ്തികളുടെയും വസൂലാക്കലിനും സംരക്ഷണത്തിനും അല്ലെങ്കിൽ അഭിവൃദ്ധിക്കും ശരിയാംവണ്ണം നേരിട്ടിട്ടുള്ള എല്ലാ ചെലവുകളും.

(ബി) ബോർഡിന്, (ഏതെങ്കിലും കരാറോ മറ്റ് കാരണങ്ങളോ ഒപ്പിട്ട് പൂർത്തീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും ആനുഷംഗികമായി ഉണ്ടായ ചെലവുകൾ ഉൾപ്പെടെ) സർക്കാരിൽ നിന്നും സംഭാവനകളും വായ്പകളും നേടുന്നതിനോ ഏതെങ്കിലും വിധത്തിലുള്ള വിഭവസമാഹരണത്തിനോ ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും.

(സി) വികസനഫണ്ടിനാലോ അതിന് എതിരായോ ഉള്ള ഏതെങ്കിലും നിയമനടപടികളുമായി ബന്ധപ്പെട്ടതോ പ്രൊഫഷണൽ ഫീസും ഏതെങ്കിലും നിയമോപദേശത്തിനുണ്ടായിട്ടുള്ള ചെലവുകളും ഉൾപ്പെടെ വികസനഫണ്ടിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും.

(ഡി) ഷെയറുകളും യൂണിറ്റുകളും ഡിബഞ്ചറുകളും ബോണ്ടുകളും അല്ലെങ്കിൽ മറ്റ് ഏതെങ്കിലും വിധത്തിലുള്ള സാമ്പത്തിക പ്രമാണങ്ങളും പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയതോ നൽകേണ്ടതോ ആയ എല്ലാ ലെവീചെയ്യലുകളും, തീരുവകളും മറ്റ് ചാർജ്ജുകളും ഉൾപ്പെടെ ഫണ്ടിന്റെ പ്രവർത്തനത്തിൽ നിയമപരമായും സ്റ്റാറ്റ്യൂട്ടറിയായും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും.

(ഇ) ബോർഡിന്റെ യോഗങ്ങൾ കൂടുന്നതിനും മാനേജ്മെന്റ് കരാർ അനുസരിച്ച് ഫണ്ട് മാനേജരുടെ ഫീസുമായി ബന്ധപ്പെട്ടിട്ടുള്ളതുമായ എല്ലാ ചെലവുകളും.

(13) ബോർഡിന്റെ ബാദ്ധ്യതകൾ ഇതിനുശേഷം പറയുന്ന പരിധിവരെ പരിമിതപ്പെടുത്തേണ്ടതാണ്, അതായത്:—

(എ) സദുദ്ദേശത്തോടെ ഉത്തമവിശ്വാസത്തിലും മതിയായ ശുഷ്കാന്തിയോടെയും ചെയ്ത പ്രവർത്തികൾക്ക് ബോർഡിന് ബാദ്ധ്യതയുണ്ടായിരിക്കുന്നതല്ല.

(ബി) ബോർഡ് യഥാർത്ഥത്തിൽ കൈപ്പറ്റിയിട്ടുള്ള അങ്ങനെയുള്ള പണത്തിനും, സ്റ്റോക്കുകൾക്കും, ഫണ്ടുകൾക്കും സെക്യൂരിറ്റികൾക്കും വേണ്ടിമാത്രം ബോർഡിനെ ബാദ്ധ്യതപ്പെടുത്താവുന്നതും ഏതെങ്കിലും ബാങ്കറോടോ ബ്രോക്കറോടോ സൂക്ഷിപ്പുകാരനോടോ ആയതു നിക്ഷേപിച്ചിട്ടുള്ളതോ സൂക്ഷിച്ചിട്ടുള്ളതോ ആയ മറ്റ് ആളുകളോടോ മറ്റുവിധത്തിലോ, ഏതെങ്കിലും സ്വമേധയാ അല്ലാത്ത നഷ്ടത്തിന് ബാദ്ധ്യസ്ഥരോ ഉത്തരവാദിയോ ആയിരിക്കുന്നതുമല്ല.

(സി) ബോർഡിനും ബോർഡ് നിയമിച്ച ഓരോ അറ്റോർണിക്കും ഏജന്റിനും അവരിൽ നിക്ഷിപ്തമായതോ ഏൽപ്പിച്ചുകൊടുത്തതോ ആയ ഏതെങ്കിലും അധികാരങ്ങളും പ്രാധികാരങ്ങളും വിവേചനാധികാരങ്ങളും സംബന്ധിച്ച് ഉണ്ടായ ഗുരുതരമായ അനാസ്ഥയോ മനഃപൂർവ്വമായ വീഴ്ചയിൽ നിന്നോ ഉണ്ടായിട്ടുള്ളതൊഴികെ എല്ലാ ബാദ്ധ്യതകളും നഷ്ടങ്ങളും ചെലവുകളും വികസന ഫണ്ടിൽ നിന്നും നികത്തപ്പെടുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്, എന്നാൽ എങ്ങനെയായാലും അങ്ങനെയുള്ള നഷ്ടം നികത്തൽ ഒരിക്കലും ഫണ്ടിന്റെ തുകയെ അധികരിക്കുവാൻ പാടുള്ളതല്ല.

(14) ബോർഡിലെ അംഗങ്ങൾക്ക് അവരുടെ സേവനങ്ങൾക്ക് യാതൊരു പ്രതിഫലത്തിനും അർഹതയുണ്ടായിരിക്കുന്നതല്ല.

(15) ബോർഡ് വികസന ഫണ്ടിന്റെ ആവശ്യത്തിലേക്കായി ഒരു മുദ്ര നൽകേണ്ടതും ബോർഡ് കാലാകാലങ്ങളിൽ നിർദ്ദേശിക്കാവുന്ന, അങ്ങനെയുള്ള രേഖകളിലും പ്രമാണങ്ങളിലും പ്രസ്തുത മുദ്ര പതിപ്പിക്കേണ്ടതുമാണ്.

(16) ബോർഡ്, വികസന ഫണ്ടിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും വികസനഫണ്ടിൽ നിന്നുതന്നെ വഹിക്കേണ്ടതാണ്.

(17) ഈ ആക്റ്റിന്റെ ഒരു ഭേദഗതിയിലൂടെ മാത്രമേ വികസനഫണ്ട് റദ്ദാക്കാൻ സാധിക്കുന്നതും വികസനഫണ്ടിന്റെ റദ്ദാക്കൽ സമയത്ത്, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരം അതിന്റെ എല്ലാ ആസ്തികളും ബാദ്ധ്യതകളും സർക്കാരിലേക്ക് കൈമാറ്റം ചെയ്യപ്പെടേണ്ടതുമാണ്.

(18) (എ) ബോർഡ്, വികസന ഫണ്ടിനെ സംബന്ധിക്കുന്ന ശരിയായ അക്കൗണ്ട് ബുക്കുകളും, രേഖകളും മറ്റ് റെക്കാർഡുകളും സൂക്ഷിച്ചുപോരേണ്ടതാണ്.

(ബി) ബോർഡ് ഇതിനുശേഷം പറയുന്നവ സർക്കാരിലേക്ക് അയച്ചു കൊടുക്കേണ്ടതാണ്.

(i) വികസനഫണ്ടിന്റെ ബന്ധപ്പെട്ട സിദ്ധിക്കൽ കാലാവധി തീരുന്നതിന് മൂന്നു മാസത്തിനകമുള്ള വികസനഫണ്ടിന്റെ ആഡിറ്റ് ചെയ്യാത്ത ധനവിവരപത്രിക ;

(ii) വികസനഫണ്ടിന്റെ ബന്ധപ്പെട്ട സിദ്ധിക്കൽ കാലാവധി പൂർത്തിയായി ആറുമാസത്തിനകമുള്ള വികസനഫണ്ടിന്റെ ആഡിറ്റ് ചെയ്ത ധനവിവരപത്രിക ഉൾപ്പെടെയുള്ള വാർഷിക റിപ്പോർട്ട് ; കൂടാതെ

(iii) വികസനഫണ്ടിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ആഡിറ്റ് ചെയ്യാത്ത സംക്ഷിപ്ത ധനവിവരം നൽകുന്നതിനായി ഓരോ മൂന്നുമാസവും അവസാനിച്ച് ഒരു മാസത്തിനകമുള്ള ത്രൈമാസ റിപ്പോർട്ട് ;

(സി) വികസനഫണ്ടിന്റെ കണക്കുകൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ഓരോ വർഷവും ആഡിറ്റ് ചെയ്യേണ്ടതാണ്.

(ഡി) വികസനഫണ്ടിന്റെ ആഡിറ്റ് ചെയ്ത കണക്കുകൾ അതിന്മേലുള്ള ആഡിറ്റ് ചെയ്ത റിപ്പോർട്ട് സഹിതം വർഷംതോറും സർക്കാരിന് അയച്ചു കൊടുക്കേണ്ടതാണ്.

(ഇ) സർക്കാർ അവർക്ക് അയച്ചുകൊടുക്കപ്പെട്ട ആഡിറ്റ് റിപ്പോർട്ടോടുകൂടിയ കണക്കുകൾ ഓരോ വർഷവും നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാൻ ഇടയാക്കേണ്ടതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2010-ലെ കേരള തദ്ദേശഭരണ സ്ഥാപന വായ്പാ (ഭേദഗതി) ഓർഡിനൻസ് (2010-ലെ 11) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിനാൽ ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള സസ്റ്റെയിനബിൾ അർബൻ ഡവലപ്പ്മെന്റ് പ്രോജക്റ്റിന്റെ ഘടകങ്ങളിൽ ഒന്നായ കേരള ലോക്കൽ ഗവൺമെന്റ് ഡവലപ്പ്മെന്റ് ഫണ്ട് (KLGDP) 2009 ഡിസംബറോടെ പ്രവർത്തനക്ഷമമാക്കേണ്ടതായിരുന്നു. ഈ ആവശ്യത്തിലേക്കായി ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്ക് 100 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ കേരള ലോക്കൽ ഗവൺമെന്റ് ഡവലപ്പ്മെന്റ് ഫണ്ട് (KLGDP)-ന്റെ പ്രവർത്തന നയവും നടപടിക്രമവും, മാന്വലും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ആയത് നിറവേറ്റിയില്ലെങ്കിൽ, കേരള സർക്കാർ എഡിബിക്ക് ഏകദേശം 70 കോടി രൂപ കമ്മിറ്റ്മെന്റ് ചാർജ്ജ് ഇനത്തിൽ നൽകേണ്ടിവരും. 1963-ലെ കേരള തദ്ദേശാധികാര വായ്പാ ആക്റ്റിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിലൂടെ മാത്രമേ കേരള ലോക്കൽ ഗവൺമെന്റ് ഡവലപ്പ്മെന്റ് ഫണ്ടിന് (KLGDP) രൂപം നൽകുവാൻ സാധിക്കുകയുള്ളൂ. സർക്കാർ, 1963-ലെ കേരള തദ്ദേശാധികാര വായ്പാ ആക്റ്റ്, ആയതിനാൽ ഭേദഗതി

ചെയ്യുവാൻ തീരുമാനിച്ചു. അതുകൊണ്ട്, കേരള ലോക്കൽ ഗവൺമെന്റ് ഡവലപ്പ്മെന്റ് ഫണ്ട് (KLGDP) രൂപീകരിക്കേണ്ടതും ആയതിന് ബഡ്ജറ്റിന്റെ പിൻബലം ലഭിക്കുന്നതും തുടർന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വിപണിയിൽ നിന്നും തദ്ദേശ സർക്കാരുകളുടെ അടിസ്ഥാനസൗകര്യ വികസന പ്രോജക്റ്റുകൾക്ക് ധനസഹായം ചെയ്യുന്നതിന് വിഭവസമാഹരണം നടത്തുന്നതുമാണ്. ഫണ്ടിന് നയങ്ങളും മുൻഗണനകളും രൂപീകരിക്കുന്ന ഒരു മാനേജ്മെന്റ് ബോർഡും പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഒരു പ്രൊഫഷണൽ അസറ്റ് മാനേജ്മെന്റ് കമ്പനിയും ഉൾക്കൊള്ളുന്ന രണ്ട് ഭാഗങ്ങളുള്ള ഘടന ഉണ്ടായിരിക്കുന്നതാണ്. അസറ്റ് മാനേജ്മെന്റ് കമ്പനിയുടെ ആസ്തിയിൽ ഭൂരിപക്ഷം വരുന്ന സ്റ്റോക്ക് (51%) കേരള സർക്കാരിനും ശേഷിക്കുന്ന സ്റ്റോക്ക് (49%) പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഉണ്ടായിരിക്കുന്നതാണ്. 1963-ലെ കേരള തദ്ദേശാധികാര വായ്പാ ആക്റ്റിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിലൂടെ മാത്രമേ കേരള ലോക്കൽ ഗവൺമെന്റ് ഡവലപ്പ്മെന്റ് ഫണ്ട് (KLGDP) രൂപീകരിക്കുവാൻ കഴിയുകയുള്ളൂ. 1963-ലെ കേരള തദ്ദേശാധികാര വായ്പാ ആക്റ്റ് ആയതിനാൽ, ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ തീരുമാനം നടപ്പിലാക്കുന്നതിന് സത്വര നിയമനിർമ്മാണം നടത്തേണ്ട സാഹചര്യം നിലനിന്നിരുന്നതിനാലും, കേരള ഗവർണ്ണർ 2010-ലെ കേരള തദ്ദേശാധികാര വായ്പാ (ഭേദഗതി) ഓർഡിനൻസ്, 2010 ജനുവരി 30-ാം തീയതി വിളംബരപ്പെടുത്തുകയും ആയത് 2010, ജനുവരി 30-ാം തീയതിയിലെ 214-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

കേരള തദ്ദേശാധികാര വികസന നിധിയുടെ രൂപീകരണം വഴി നഗരപരമായ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണവും സംരക്ഷണവും പോലുള്ള മേഖലകളിലെ സുസ്ഥിര വികസനത്തിനാവശ്യമായ ദീർഘകാല വിഭവങ്ങൾ ലഭ്യമാക്കുന്നതിന് തദ്ദേശാധികാര സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനായി 1963-ലെ കേരള തദ്ദേശാധികാര വായ്പാ ആക്റ്റിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നു. ബില്ലിലെ 3എ ഖണ്ഡം വികസന ബോർഡ് രൂപീകരിക്കുവാനും ധനകാര്യ നിർവ്വഹണത്തിനും സേവനങ്ങൾക്കും മറ്റും വ്യവസ്ഥ ചെയ്യുന്നു. പ്രാരംഭ വിഹിതമായ 96.3 കോടി രൂപ ഏഷ്യൻ വികസന ബാങ്ക് നൽകും. ഭാവി വിഹിതങ്ങൾ സർക്കാർ നൽകേണ്ടതും, സർക്കാർ അതിന്റെ വാർഷിക ബഡ്ജറ്റിൽ പ്രസ്തുത ചെലവ് വകയിരുത്തേണ്ടതുമാണ്. ഈ ഘട്ടത്തിൽ അത് കൃത്യമായി നിർണ്ണയിക്കുവാൻ സാധിക്കുകയില്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 4-ാം ഖണ്ഡംമൂലം കൂട്ടിച്ചേർക്കാൻ ഉദ്ദേശിച്ച 3 എ വകുപ്പിലെ 3 (എച്ച്) ഉപവകുപ്പ്, മാനേജ്മെന്റ് ബോർഡിന്റെ അധികാരങ്ങളും വിവേചനങ്ങളും അവകാശങ്ങളും ബാദ്ധ്യതയില്ലായ്മയും നിർണ്ണയിക്കുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 4-ാം ഖണ്ഡംമൂലം കൂട്ടിച്ചേർക്കാൻ ഉദ്ദേശിച്ച 3 എ വകുപ്പിലെ 18 (സി) ഉപവകുപ്പ്, വികസന നിധിയുടെ അക്കൗണ്ടുകൾ എല്ലാ വർഷവും ആഡിറ്റ് ചെയ്യേണ്ടുന്ന രീതി നിർണ്ണയിക്കുവാൻ ഉദ്ദേശിക്കുന്നു.

3. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

പാലോളി മുഹമ്മദ് കുട്ടി

(ശരിത്തർജ്ജമ)

## 1963-ലെ കേരള തദ്ദേശാധികാരസ്ഥാപന വായ്പാ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1963-ലെ 30)

** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭത്തിനു മറ്റു വിധത്തിൽ ആവശ്യമില്ലാത്തപക്ഷം.—

(1) "തദ്ദേശാധികാര സ്ഥാപനം" എന്നാൽ ഏതെങ്കിലും തദ്ദേശഫണ്ട് നിയന്ത്രിക്കുന്നതിനോ നടത്തിപ്പോരുന്നതിനോ നിയമപരമായി അവകാശമുണ്ടായിരിക്കുകയോ അഥവാ ഏതെങ്കിലും വരിയോ, കരമോ, ചുങ്കമോ, ഫീസോ, നികുതിയോ ചുമത്തുവാൻ നിയമപരമായി അവകാശമുണ്ടായിരിക്കുകയോ ചെയ്യുന്ന ഏതെങ്കിലും വ്യക്തി എന്നർത്ഥമാകുന്നതും അതിൽ, അതതു സംഗതിപോലെ, പഞ്ചായത്തോ നഗരസഭയുടെ കൗൺസിലോ ഉൾപ്പെടുന്നതും കൂടാതെ, അതിൽ, അങ്ങനെയുള്ള തദ്ദേശാധികാര സ്ഥാപനത്തിന്റെ സെക്രട്ടറിയുംകൂടി, അദ്ദേഹത്തെ ഈ ആക്റ്റ് പ്രകാരമുള്ള കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിനായി തദ്ദേശാധികാര സ്ഥാപനം പ്രത്യേകം അധികാരപ്പെടുത്തിയിട്ടുള്ള പക്ഷം, ഉൾപ്പെടുന്നതുമാണ്.

വിശദീകരണം.—ഒരു വ്യക്തി എന്നാൽ ഏതെങ്കിലും അധികാരസ്ഥാപനമോ ഏകാംഗീകൃതനികായമോ എന്നർത്ഥമാകുന്നതും ഉൾപ്പെടുന്നതുമാകുന്നു.

(2) ഏതെങ്കിലും തദ്ദേശാധികാരസ്ഥാപനം സംബന്ധിച്ച് പ്രയോഗിക്കുമ്പോൾ "ഫണ്ട്" എന്നതിൽ ഏതു തദ്ദേശഫണ്ടോ പഞ്ചായത്തുഫണ്ടോ അല്ലെങ്കിൽ മുനിസിപ്പൽ ഫണ്ടോ നിയന്ത്രിക്കുകയോ നടത്തിപ്പോരുകയോ ചെയ്യുന്നതിന് അങ്ങനെയുള്ള അധികാരസ്ഥാപനത്തിന് നിയമപരമായി അവകാശമുണ്ടോ അങ്ങനെയുള്ള ഏതെങ്കിലും തദ്ദേശഫണ്ടോ പഞ്ചായത്തു ഫണ്ടോ അല്ലെങ്കിൽ മുനിസിപ്പൽ ഫണ്ടോ അതും, അങ്ങനെയുള്ള അധികാരസ്ഥാപനത്തിന് ചുമത്തുവാൻ നിയമപരമായി അവകാശമുള്ള ഏതെങ്കിലും വരിയോ കരമോ ചുങ്കമോ അല്ലെങ്കിൽ നികുതിയോ അതും, അങ്ങനെയുള്ള അധികാരസ്ഥാപനത്തിൽ നിക്ഷിപ്തമായ ഏതൊരു വസ്തുവും ഉൾപ്പെടുന്നതാകുന്നു;

(3) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റു പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു; കൂടാതെ

(4) "പണി" എന്നതിൽ മറ്റേതെങ്കിലും പണിയുമായി ബന്ധപ്പെട്ടതോ അല്ലാത്തതോ ആയ സർവ്വെ ഉൾപ്പെടുന്നു.

3. തദ്ദേശ അധികാരസ്ഥാനങ്ങളുടെ കടം വാങ്ങുന്നതിനുള്ള അധികാരങ്ങൾ.—(1) ഒരു തദ്ദേശ അധികാരസ്ഥാനത്തിന്, നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി, സർക്കാരിൽ നിന്നോ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ

മറ്റേതെങ്കിലും വ്യക്തിയിൽ നിന്നോ, അതിന്റെ ഫണ്ടിന്മേലോ അതിന്റെ ഏതെങ്കിലും ഭാഗത്തിന്മേലോ ഉള്ള ഈടിന്മേൽ, ഇനി പറയുന്ന ഏതെങ്കിലും ആവശ്യങ്ങൾക്കായി പണം കടം വാങ്ങാവുന്നതാണ്, അതായത്:—

(i) ഏതെങ്കിലും ജോലി നടപ്പാക്കുന്നതിനായി അതിനെ നിയമപരമായി പ്രാധി കാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ജോലി നടപ്പിലാക്കുന്നതിനും ;

(ii) ക്ഷാമം, ദാരിദ്ര്യം, സാംക്രമികരോഗം അല്ലെങ്കിൽ വെള്ളപ്പൊക്കം എന്നിവ ഉള്ള സമയങ്ങളിൽ ദുരിതാശ്വാസം നൽകുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ സ്ഥാപിക്കലിനും നടത്തിപ്പിനും ;

(iii) ഏതെങ്കിലും അപകടകാരിയായ സാംക്രമിക രോഗത്തിന്റെ പൊട്ടിപ്പുറപ്പെ ടലിനെയും വ്യാപിക്കലിനെയും തടയുന്നതിനും ;

(iv) (ii)-ഉം (iii)-ഉം ഖണ്ഡങ്ങളിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യ ങ്ങളുമായി ബന്ധപ്പെട്ടതോ അതിന് അനുബന്ധമായിട്ടുള്ളതോ ആയ ഏതെങ്കിലും നടപടികൾക്കും ;

(v) നിയമമനുസരിച്ച് മുമ്പ് കടം വാങ്ങിയ പണത്തിന്റെ തിരിച്ചടയ്ക്കലിനും:

എന്നാൽ അപ്രകാരം കടം വാങ്ങിയ പണത്തിന്റെ യാതൊരു ഭാഗവും അത് കടം വാങ്ങിയ ആവശ്യത്തിലേക്കല്ലാതെ മറ്റ് ഏതെങ്കിലും ആവശ്യത്തിലേക്ക് ഉപയോഗിക്കു വാൻ പാടുള്ളതല്ല.

(vi) സർക്കാർ വിനിർദ്ദേശിക്കാവുന്ന മറ്റ് ഏതെങ്കിലും ആവശ്യത്തിനും.

(2) (എ) ഈ വകുപ്പ് പ്രകാരം കടം വാങ്ങിയിട്ടുള്ള ഏതെങ്കിലും പണ ത്തിന്റെ തിരിച്ചടയ്ക്കലിന്റെ സമയം യാതൊരു സംഗതിയിലും അറുപതു വർഷത്തിൽ കവിയുവാൻ പാടുള്ളതല്ല.

(ബി) ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുൻപ് കടം വാങ്ങിയിട്ടുള്ള ഏതെ ങ്കിലും പണത്തിന്റെ തിരിച്ചടയ്ക്കുന്നതിനുള്ള സമയം, സർക്കാർ പ്രകടമായി അനുമതി നൽകിയിട്ടുള്ളതൊഴികെ, അറുപതു വർഷത്തിനുമേൽ ദീർഘിപ്പിക്കുവാൻ പാടുള്ളതല്ല.

(സി) ഏതെങ്കിലും മുൻവായ്പ അടച്ചുതീർക്കുന്ന ആവശ്യത്തിലേക്കായി കടം വാങ്ങിയ ഏതെങ്കിലും പണത്തിന്റെ തിരിച്ചടവിനുള്ള സമയം, സർക്കാർ പ്രകടമായ അനുമതി കൂടാതെ, മുൻവായ്പകൾ എത്രകാലത്തേയ്ക്കാണോ എടുത്തിട്ടുള്ള ത്, അതിന്റെ ബാക്കി നിൽക്കുന്ന കാലാവധിക്ക് അപ്പുറം ദീർഘിപ്പിക്കുവാൻ പാടുള്ളതല്ല.

(3) ഈ വകുപ്പിലുള്ള യാതൊന്നും, ഏതെങ്കിലും തദ്ദേശാധികാര സ്ഥാനത്തെ, തത്സമയം പ്രാബല്യത്തിലുള്ള നിയമപ്രകാരം, അതിന്റെ ഫണ്ട് അതിന് ചെലവഴിക്കാൻ അധികാരമില്ലാത്ത ഏതെങ്കിലും കാര്യത്തിനായി പണം കടം വാങ്ങുന്ന തിനോ ചെലവഴിക്കുന്നതിനോ അധികാരം നൽകുന്നതായി കരുതാൻ പാടുള്ളതല്ല.